## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3106** | **25-06-2024 - ൽ മറുപടിയ്ക്ക്**

## ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി കാര്യനിർവ്വഹണ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ; | (എ) | കൊല്ലം ജില്ലയിലെ ശ്രീനാരായണ ഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി സ.ഉ.(സാധാ)നം.546/2023/സാം.കാ.വ തീയതി 13.10.2023 പ്രകാരം ജില്ലാ കളക്ടർ ചെയർമാനായ ഒരു താത്കാലിക സമിതി രൂപീകരിച്ചുത്തരവായിട്ടുണ്ട്. സമുച്ചയ നടത്തിപ്പും പരിപാലനവുമായി ബന്ധപ്പെട്ട് ഡി.റ്റി.പി.സി മാതൃകയിൽ ഡി.സി.പി.സി യായി ഉയർത്തി ദേശീയ/അന്തർദേശീയ സാംസ്കാരിക കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി കരട് ബൈലോയിൽ ക്യൂറേറ്റർ കമ്മിറ്റി, ജീവനക്കാരുടെ നിയമനം, ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. സമുച്ചയത്തിന്റെ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങൾക്കായി സാംസ്കാരിക അദ്ധ്യക്ഷ കാര്യാലയത്തിലെ ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ക്ലറിക്കൽ സ്റ്റാഫ്, ഒരു ഓഫീസ് അറ്റന്റന്റ് എന്നിവരെ റൊട്ടേഷൻ വ്യവസ്ഥയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, സമുച്ചയത്തിന്റെ കാവലിനായി കെക്സോൺ മുഖാന്തിരവും ക്ലീനിംഗിനായി കുടുംബശ്രീ മുഖാന്തിരവും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | സാംസ്കാരിക സമുച്ചയത്തിന്റെ പ്രവർത്തനം ആരംഭിച്ച് ഒരു വർഷമാകുന്ന ഘട്ടത്തിൽ ടി സ്ഥാപനത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് സഹായകരമായി ഭരണ നിർവ്വഹണ സംവിധാനം രൂപപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | കൊല്ലം ജില്ലയിലെ ശ്രീനാരായണ ഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി സ.ഉ.(സാധാ)നം.546/2023/സാം.കാ.വ തീയതി 13.10.2023 പ്രകാരം ജില്ലാ കളക്ടർ ചെയർമാനായ ഒരു താത്കാലിക സമിതി രൂപീകരിച്ചുത്തരവായിട്ടുണ്ട്. സമുച്ചയ നടത്തിപ്പും പരിപാലനവുമായി ബന്ധപ്പെട്ട് ഡി.റ്റി.പി.സി മാതൃകയിൽ ഡി.സി.പി.സി യായി ഉയർത്തി ദേശീയ/അന്തർദേശീയ സാംസ്കാരിക കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി കരട് ബൈലോയിൽ ക്യൂറേറ്റർ കമ്മിറ്റി, ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | നിയമനം, ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. സമുച്ചയത്തിന്റെ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങൾക്കായി സാംസ്കാരിക അദ്ധ്യക്ഷ കാര്യാലയത്തിലെ ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ക്ലറിക്കൽ സ്റ്റാഫ്, ഒരു ഓഫീസ് അറ്റന്റന്റ് എന്നിവരെ റൊട്ടേഷൻ വ്യവസ്ഥയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, സമുച്ചയത്തിന്റെ കാവലിനായി കെക്സോൺ മുഖാന്തിരവും ക്ലീനിംഗിനായി കുടുംബശ്രീ മുഖാന്തിരവും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ